2B6M21614 (Pages : 2) Reg. No:..............................

Name: ..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

## Sixth Semester BA Degree Examination, March/April 2021

## BMAL6B11 – Malayala Kavitha Poorvagattam

(2018 Admission onwards)

Time: 3 hours Max. Marks: 80

**I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക.**

1. മുണ്ടക്കൽ സന്ദേശം ഒരു മുഴുത്ത ചിരി- എന്ന ലേഖനമെഴുതിയതാര്?
2. ദ്രമിഡ സംഘാതം എന്ന പ്രയോഗം കൊണ്ട് വിവക്ഷിക്കുന്നതെന്താണ്?
3. വഞ്ചിപ്പാട്ട് വൃത്തം എന്നറിയപ്പെടുന്നതേത് ?
4. തുള്ളലിന്റെ ഏതു വിഭാഗത്തിൽ പെടുന്ന കൃതിയാണ് സ്യമന്തകം ?
5. മദിരാശി കടൽക്കര ആരുടെ കൃതിയാണ്?
6. ആരാനും പോന്നു വരുന്നതിൻ മുമ്പിലെ

   കാരിയമായതു സാധിക്കേണം -എന്ന് ചിന്തിക്കുന്നതാര്?
7. ഭാഷാകർണ്ണാമൃതം എഴുതിയതാര്?
8. കാന്താരതാരകം ഏതു കൃതിയുടെ വ്യാഖ്യാനമാണ്?
9. ഭാഷാരാമായണം ചമ്പു രചിച്ചതാര്?
10. നിന്നുടെ സന്നിധൗ

    സന്തതം വാണീടു -

    മെന്നെ മറ്റാർക്കാനും പീഡിച്ചു കൂടുമോ - ആരുടെ വാക്കുകൾ? **(10 x 1/ 2 = 5)**

**II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

11. ശുകസാരണൻമാരെ രാവണൻ ഏല്പിച്ച ദൗത്യമെന്തായിരുന്നു ?
12. ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ

    ചത്തുപോകുന്നു പാവം ശിവ ശിവ! - ചിന്തയിൽ വരുന്നതെന്തെല്ലാമാണ്?
13. കാണേണമെന്നു ഞാൻ കാമിച്ച നേരത്തു കാണായി വന്നതും ഭാഗ്യമല്ലോ - സന്ദർഭമെഴുതുക
14. മതിമതി പതിയോടു പറവതും ചെയ്തു - ആരുടെ വാക്കുകൾ ? എന്താണ് പറഞ്ഞത്?
15. കുടകൾ തഴകളോരോന്നൊക്കെ നീളെപ്പിടിപ്പി -

    ച്ചിടയിലിടയിൽ വീയിപ്പിച്ചു - സന്ദർഭം വ്യക്തമാക്കുക **(5 x 2 = 10)**

**III.** അഞ്ചു ചോദ്യത്തിന് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക

16. രണ്ടു കൊണ്ടുമുണ്ടായോണം സുഖവും തൃപ്തിയും കിഴി -

ലുണ്ടായിട്ടില്ലൊരിക്കലുമെനിക്കു സഖേ - വിവക്ഷിതം വ്യക്തമാക്കുക

17. രാമചരിതത്തിന്റെ കർത്താവ്, കാലം, ഭാഷ എന്നിവയെക്കുറിച്ച് കുറിപ്പെഴുതുക

18. തീർന്നു സന്ദേഹമെല്ലാം എൻ തോഴിമാരെ

തീർന്നു സന്ദേഹമെല്ലാം - ആരുടെ വാക്കുകൾ ?

സന്ദർഭം വിശദീകരിക്കുക

19. പ്രാചീന കേരളത്തിന്റെ ചരിത്രരചനയിൽ പാട്ടു സാഹിത്യകൃതികളേക്കാൾ പ്രയോജനപ്രദമാണ് മണിപ്രവാള കൃതികൾ - പ്രസ്താവന സമർത്ഥിക്കുക

20. വിദ്യകൊണ്ടറിയേണ്ടതറിയാതെ

വിദ്വാനെന്നു നടിക്കുന്നിതു ചിലര് -

ആശയം വ്യക്തമാക്കുക

21. പാന്ഥർ പെരുവഴിയമ്പലം തന്നിലെ

താന്തരായ് കൂടി വിയോഗം വരുമ്പോലെ

നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-

മെത്രയും ചഞ്ചലമാലയ സംഗമം

-സാരസ്യം വ്യക്തമാക്കുക

22. നമ്പ്യാർക്കവിതകളുടെ അനന്യ സവിശേഷതകൾ സ്യമന്തകം തുള്ളലിനെ അടിസ്ഥാനപ്പെടുത്തി വിശദീകരിക്കുക **(5 x 5 = 25)**

**IV.** മുന്നൂറ് വാക്കിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക.

23. ആര്യ- ദ്രാവിഡ സംഘർഷ സമന്വയങ്ങളുടെ അടയാളങ്ങൾ പാട്ടു കവിതയിൽ പ്രത്യക്ഷപ്പെടുന്നതെങ്ങനെ? - രാമചരിതത്തെ അടിസ്ഥാനമാക്കി ഉപപാദിക്കുക.

24. പ്രതിപാദനത്തിന്റെ ആത്മാർത്ഥതയാണ് ജ്ഞാനപ്പാനയുടെ മഹനീയത - നിരൂപിക്കുക

25. കഥാപാത്രസൃഷ്ടിയിലും കഥാഘടനയിലും സംഭാഷണ നിബന്ധനയിലും മറ്റ് ആട്ടക്കഥകളിൽ നിന്നെല്ലാം വേറിട്ട് നിൽക്കുന്ന കൃതിയാണ് നളചരിതം - പരിശോധിക്കുക

26. ലാളിത്യമാണ് കൃഷ്ണഗാഥയുടെ മുഖമുദ്ര - പൂതനാമോക്ഷത്തെ അടിസ്ഥാനപ്പെടുത്തി വിശദീകരിക്കുക

27. പ്രാചീന മണിപ്രവാള സാഹിത്യത്തിന്റെ സവിശേഷ സ്വഭാവങ്ങൾ ഉണ്ണുനീലിസന്ദേശത്തിൽ ആവിഷ്ക്കരിക്കപ്പെടുന്നുണ്ടോ ? ചർച്ച ചെയ്യുക.

28. സീതാസ്വയംവരത്തിനു സാക്ഷ്യം വഹിക്കാൻ എത്തിച്ചേരുന്ന ജനസമൂഹത്തിന്റെ ചിത്രങ്ങൾ ഭാഷാരാമായണ ചമ്പുവിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെ? - സോദാഹരണം ഉപന്യസിക്കുക

**(4x10 = 40)**

14

2B6M21615 (Pages : 2) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Degree Examination, March/April 2021**

**BMAL6B12 – Gadhya Sahithyam**

(2018 Admission onwards)

Time: 3 hours Max. Marks: 80

**I .ഒറ്റ വാക്കിൽ ഉത്തരമെഴുതുക.**

1 .കുലശേഖര രാജാവായ ഭാസ്കരരവിവർമൻ പുറപ്പെടുവിച്ച ശാസനമേത് ?
2.സംക്ഷേപവേദാർത്ഥം അച്ചടിക്കപ്പെട്ട വർഷം ഏത്?
3.ലഭ്യമായിട്ടുള്ളതിൽ വച്ച് ഏറ്റവും പഴക്കം അവകാശപ്പെടാവുന്ന പ്രാചീന കൃതി ഏത്?
4.ക്രമദീപിക ഏത് നാടകരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു?
5.പുല്ലേലിക്കുഞ്ചു എഴുതിയതാര്?
6.ഋതുമതി ആരുടെ രചനയാണ് ?
7.കണ്ടു കിട്ടിയിട്ടുള്ളതിൽ വച്ച് ഏറ്റവും പഴക്കമുള്ള ആട്ടപ്രകാരം ഏതാണ് ?
8.സംസാരിക്കുന്ന ദൈവം ആരുടെ കൃതി ആണ്?
9.കണ്ണീരും കിനാവും ആരുടെ ആത്മകഥ ആണ്?
10.ബാലിദ്വീപ് എഴുതിയതാര്? (10x1/2=5)

**II.ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11.ലീലാതിലകം മണിപ്രവാളഭാഷയുടെ ലക്ഷണകൃതിയാവുന്നത് എന്ത് കൊണ്ട്?
12.അംബരീഷോപാഖ്യനത്തിന്റെ ഇ തിവൃത്തം എന്ത്?
13.ആത്മകഥ,ജീവചരിത്രം-ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം എന്ത്?
14.തിരമൊഴി എന്നാലർത്ഥമാക്കുന്നത് എന്ത്?
15.വായിച്ചു കഴിഞ്ഞപ്പോൾ വയറു നിറച്ചുണ്ടു എന്നു തോന്നി എന്ന് എം.ആർ.ബി വിശേഷിപ്പിച്ച പുസ്തകം ഏത്?എന്ത് കൊണ്ട്? (5x2=10)

**III.ഓരോന്നിനും ഓരോ ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

16.ശാസനാഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം?
17.നമ്പ്യാന്തമിഴിന്റെ സവിശേഷതകൾ എന്തെല്ലാം?
18.വർത്തമാനപുസ്തകത്തിന്റെ ഭാഷാചരിത്രപരമായ പ്രസക്തി വിശദമാക്കുക?
19.ആധുനിക മലയാളഗദ്യത്തിന്റെ വികാസപരിണാമങ്ങളിൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ സ്ഥാനം എന്തെന്ന് വിശദമാക്കുക?
20.Art is prilimary communicative എന്ന സിദ്ധാന്തത്തെ മുണ്ടശ്ശേരി സമർത്ഥിക്കുന്നത് എങ്ങിനെ?
21.രണ്ടും നിനക്കല്ലേ, കഴിയൂ.ഞങ്ങൾക്ക് കഴിയുന്നത് നിന്നോട് പ്രാർത്ഥിക്കുക മാത്രം -സന്ദർഭം വിശദമാക്കുക?
22.ഇന്ത്യയിൽ ഇല വിരിഞ്ഞു വരുന്ന ദേശീയപ്രസ്ഥാനത്തെ എം.ആർ.ബി വിശദീകരിക്കുന്നത് എങ്ങിനെ? (5x5=25)

**IV.ഓരോന്നിനും മുന്നൂറ് വാക്കിൽ കവിയാതെ നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

23.മധ്യകാലഗദ്യത്തിന്റെ സ്വഭാവസവിശേഷതകൾ അംബരീഷോപാഖ്യാനത്തിൽ എത്രത്തോളം പ്രകടമാണ് എന്ന് വിലയിരുത്തുക?

24.മിഷണറിമാരുടെ ആഗമനം ഭാഷക്ക് നൽകിയ നേട്ടങ്ങളെ സംഗ്രഹിക്കുക.

25.ഒരു കാലഘട്ടത്തിലെ അനാചാരങ്ങളെ ചീന്തിപ്പോയ ഏടിലൂടെ എം.ആർ.ബി വിശദമാക്കുന്നത് എങ്ങിനെ?

26.സഞ്ചാരസാഹിത്യത്തിന് എസ്.കെ.പൊറ്റെക്കാട് നൽകിയ സംഭാവനകൾ എന്തെല്ലാം?

27.'ഇ'-.പാഠ ശേഖരത്തിന്റെ സവിശേഷതകൾ തിരമൊഴിയെഅടിസ്ഥാനപ്പെടുത്തി വിശദമാക്കുക.

28.ശാസനഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

(4x10=40)

15

Name: ..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Degree Examination, March/April 2021**

**BMAL6B13 – Pourasthya Sidhanthangal**

(2018 Admission onwards)

Time: 3 hours

Max. Marks: 80

**I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക (1/2 മാർക്കു വീതം )**

1. 'ഭാരതീയസാഹിത്യസിദ്ധാന്തങ്ങൾ' ആരുടെ കൃതി?
2. ഭാഷാഭൂഷണത്തിൽ ആകെ എത്ര പ്രകരണങ്ങളാണുള്ളത്?
3. വൃത്തം എന്നാൽ എന്ത്?
4. കാവ്യത്തിന് ഏതെങ്കിലുമൊരു നിർവചനം എഴുതുക?
5. എ. ആർ. രാജരാജവർമ്മ കേരളപ്രാസമെന്നു പേരിട്ടു വിളിക്കുന്ന പ്രാസമേത്?
6. വൃത്തശാസ്ത്രപ്രകാരം ലഘു, ഗുരു വിഭജനത്തിന് അടിസ്ഥാനമെന്ത്?
7. ഛന്ദസ്സ് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
8. ഭാരതീയകാവ്യശാസ്ത്രത്തിന്റെ അടിസ്ഥാനമായി അറിയപ്പെടുന്ന ഗ്രന്ഥം?
9. രസത്തിന് ഉത്കർഷം വരുത്തുന്ന ധർമ്മമായി ഭാഷാഭൂഷണം ചൂണ്ടിക്കാട്ടുന്നതെന്ത്?
10. വാച്യാർത്ഥത്തെ നേരിട്ടു പ്രകാശിപ്പിക്കുന്ന ശബ്ദവ്യാപാരം? **(10x 1/2=5)**

**II. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരം എഴുതുക (2 മാർക്കു വീതം)**

11. കാവ്യം ധ്വനികാവ്യമാകുന്നതെപ്പോൾ?
12. ഭാരതീയ കാവ്യമീമാംസപ്രകാരം ആരാണ് കവി?
13. വൃത്തമഞ്ജരിയിൽ പദ്യത്തെയും ഗദ്യത്തെയും വേർതിരിക്കുന്നതെങ്ങനെ?
14. ഭരതന്റെ രസസൂത്രം എഴുതുക.
15. "അലങ്കാരങ്ങളെത്തീർപ്പാൻ
    നാലുതാനിഹ സാധനം" ഏതൊക്കെ? **(5 x 2=10)**

**III. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഖണ്ഡികയിൽ കവിയരുത്. (5 മാർക്കു വീതം)**

16. ലക്ഷണ, വ്യഞ്ജന എന്നിവ തമ്മിൽ വ്യത്യാസപ്പെടുന്നതെങ്ങനെ?
17. സംസ്കൃതവൃത്തങ്ങളുടെയും ഭാഷാവൃത്തങ്ങളുടെയും പൊതുസ്വഭാവങ്ങളും സവിശേഷതകളും എഴുതുക.
18. കാവ്യരചനയിൽ അലങ്കാരത്തിനുള്ള പ്രസക്തിയെന്ത്?
19. അയ്യപ്പപ്പണിക്കരുടെ അഭിപ്രായത്തിൽ സിദ്ധാന്തങ്ങൾ നവീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെന്ത്?
20. വിരോധാഭാസം അലങ്കാരത്തിന്റെ ലക്ഷണം ഉദാഹരണസഹിതം വ്യക്തമാക്കുക?
21. "ക്ഷിപ്രപ്രസാദി ഭഗവാൻ ഗണനായകോ മേ
    വിഘ്നങ്ങൾ തീർത്തു വിളയാടുക സർവ്വകാലം
    സർവ്വത്രകാരിണി സരസ്വതിദേവി വന്നെൻ
    നാവിൽ കളിക്ക കുമുദേഷു നിലാവുപോലെ" ഗണം തിരിച്ച്, ലഘുഗുരുക്കൾ അടയാളപ്പെടുത്തി വൃത്തം നിർണയിക്കുക.
22. ഭാഷാഭൂഷണപ്രകാരം അലങ്കാരങ്ങളും ഗുണങ്ങളും ഭേദപ്പെടുന്നതെങ്ങനെ?

**(5 x 5=25)**

**IV. ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക. മൂന്നു പുറത്തിൽ കവിയരുത്. (10 മാർക്കു വീതം)**

23. ഭാരതീയ കാവ്യമീമാംസയിലെ കാവ്യഹേതുക്കളെക്കുറിച്ചുള്ള ദർശനം ചാത്തനാത്ത് അച്യുതനുണ്ണി ക്രോഡീകരിക്കുന്നതെങ്ങനെ?
24. സഹൃദയനെ സംബന്ധിച്ചുള്ള ഭാരതീയദർശനം ക്രോഡീകരിക്കുക.

25. ഗുണവും രീതിയും തമ്മിൽ ബന്ധപ്പെടുന്നതെങ്ങനെയെന്ന് വിശദമാക്കുക.
26. കാവ്യപ്രയോജനത്തെക്കുറിച്ചുള്ള വിവിധ ആലങ്കാരികന്മാരുടെ അഭിപ്രായം ക്രോഡീകരിക്കുക?
27. പ്രധാന ഭാഷാവൃത്തങ്ങൾ പരിചയപ്പെടുത്തി അവയുടെ സവിശേഷതകൾ വിശദമാക്കുക.
28. വൃത്തവും താളവും കവിതയിൽ പ്രധാനമാണോയെന്ന് മലയാളകവിത മുൻനിർത്തി വിലയിരുത്തുക.

(4 x 10 =40)

16

2B6M21617 (Pages : 2) Reg. No:.............................

Name: ...............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Degree Examination, March/April 2021**

**BMAL6B14 – Navasamskara Padanangal**

(2018 Admission onwards)

Time: 3 hours Max. Marks: 80

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക 10 x ½ = 5.

1. 'സംസ്കാരശൃംഖല' (Circuit of culture) എന്ന സങ്കല്പനം വികസിപ്പിച്ചെടുത്ത ചിന്തകൻ ആര്?
2. പൊക്കുടൻ നട്ടുവളർത്തിയ കണ്ടലിന്റെ പേരെന്ത്?
3. 'ദൈവം മരിച്ചു' എന്ന് പ്രഖ്യാപിച്ച ജർമ്മൻ ദാർശനികനാര്?
4. റഷ്യൻ വിപ്ലവം നടന്ന വർഷമേത്?
5. ദേവയാനിയും നീലകണ്ഠനും തങ്ങളുടെ പൂർവ്വാശ്രമകഥ പറയുന്നത് ആരോടാണ്?
6. 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥ എഴുതിയതാര്?
7. ആരണ്യ കവിത ഉദ്ഘാടനം ചെയ്ത കവിയാര്?
8. ആദ്യത്തെ ദലിത് സാഹിത്യ സമ്മേളനം നടന്നതെവിടെ?
9. 'എസ്പാക്ക്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
10. 'സ്വപ്നങ്ങളുടെ വ്യാഖ്യാനം' എന്ന കൃതിയുടെ കർത്താവാര്?

II. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക 5 x 2 = 10

11. വിമർശനാത്മകവ്യവഹാരാപഗ്രഥനത്തിന്റെ ലക്ഷ്യമെന്ത്?
12. പുഴവക്കത്ത് കണ്ടൽചെടികൾ നട്ടുപിടിപ്പിക്കാൻ കാരണമായി പൊക്കുടൻ വ്യക്തമാക്കുന്ന വസ്തുതകളെന്ത്?
13. പരിഷ്കൃത ഭക്ഷണരീതിയെപ്പറ്റി ഫുക്കുവോക്കയുടെ അഭിപ്രായമെന്ത്?
14. എൻമകജെയിലെ അനേകം കുഞ്ഞുങ്ങളുടെ നേർക്ക് ആരാണ് ബ്രഹ്മാസ്ത്രം കുലച്ചുകൊണ്ടിരിക്കുന്നത്? ഈ ചോദ്യം മുന്നോട്ടുവയ്ക്കുന്ന പ്രശ്നമേഖലയെന്ത്?
15. മാതൃത്വത്തോട് ആൺകോയ്മ സമൂഹം പുലർത്തുന്ന സമീപനത്തിലെ വൈരുദ്ധ്യം വെളിപ്പെടുത്തുന്ന കഥയാണ് പാതാളപ്പടികൾ-വൈരുദ്ധ്യമെന്ത്?

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും 5 ചോദ്യത്തിന് ഉത്തരമെഴുതുക $5 \times 5 = 25$

16. സാമൂഹിക പരിവർത്തനം ഉന്നംവെച്ചുകൊണ്ടുള്ള ദലിത് മുന്നേറ്റത്തിന്റെ ഭാഗമാണ് ദലിത് സാഹിത്യം - വ്യക്തമാക്കുക.
17. അനന്തരം വളരെ പക്വമായ ശബ്ദത്തിൽ ഗുഹ സംസാരിക്കാൻ തുടങ്ങി - സംസാരിച്ചതെന്തെന്ന് വിശകലനം ചെയ്യുക.
18. പുരുഷൻ നിർമ്മിച്ചുവെച്ച ഭാഷാവ്യവസ്ഥയ്ക്കകത്ത് സ്ത്രീക്ക് സ്വയം ആവിഷ്ക്കരിക്കാൻ പ്രയാസമാണെന്ന് ഇന്നത്തെ എഴുത്തുകാരികൾ കരുതുന്നതെന്തുകൊണ്ട്?
19. അടിമകൃഷിപ്പണിയുമായി ബന്ധപ്പെട്ട് പുലയരെ നിലനിർത്തുന്ന കരാർ ചടങ്ങിന്റെ സ്വഭാവത്തെ പൊക്കുടൻ ആഖ്യാനം ചെയ്യുന്നതെങ്ങനെ?
20. ആഗോളവൽക്കരണത്തെ വികാരം കൊണ്ടു മാത്രമല്ല ബുദ്ധികൊണ്ടും നേരിടേണ്ടതുണ്ട്-എന്നു പറയുന്നതിന്റെ യുക്തിയെന്ത്?
21. റൂസ്സോവിന്റെ പ്രകൃതിദർശനമെന്ത്?
22. ആദിമനിവാസികളോടുള്ള മുഖ്യധാരാ രാഷ്ട്രീയപാർട്ടികളുടെ സമീപനത്തെ സി.കെ. ജാനു വിശകലനം ചെയ്യുന്നതെങ്ങനെ?

III. 300 വാക്കിൽ കവിയാതെ 4 ചോദ്യത്തിന് ഉത്തരമെഴുതുക. $4 \times 10 = 40$

23. ഇന്ത്യൻ സൗന്ദര്യശാസ്ത്രവും സവർണാനുഭൂതിയും എന്ന പ്രബന്ധത്തിലൂടെ പ്രദീപൻപാമ്പിരിക്കുന്ന് മുന്നോട്ടുവയ്ക്കുന്ന വാദങ്ങളുടെ സമകാലീന പ്രസക്തിയെന്തെന്ന് കണ്ടെത്തുക.
24. 'ഒരു ഇടതുപക്ഷക്കാരനായ പുലയനെ ഉൾക്കൊള്ളാനൊന്നും പുലയസ്സമുദായം അന്ന് വളർന്നിട്ടില്ലായിരുന്നു. അവരെ ഉൾക്കൊള്ളാൻ ഇടതുപക്ഷം ഇന്നും വളർന്നിട്ടില്ലെന്നു തോന്നുന്നു' പൊക്കുടന്റെ ഈ നിരീക്ഷണത്തിന്റെ രാഷ്ട്രീയം ദലിത് അവബോധത്തെ മുൻനിർത്തി വിശകലനം ചെയ്യുക.
25. സ്ത്രീ വിമോചനത്തിന്റെ സൗന്ദര്യ ശാസ്ത്രത്തെക്കുറിച്ചുള്ള സച്ചിദാനന്ദന്റെ വിചാരത്തെ വിമർശനാത്മകമായി വിലയിരുത്തുക.
26. ജോൺ സ്റ്റോറിയുടെ ജനപ്രിയ സംസ്കാര നിർവചനങ്ങൾ വിശദമാക്കുക.
27. ഇരുപതാം നൂറ്റാണ്ടിലെ ജീവിതത്തെയും സാഹിത്യത്തെയും സ്വാധീനിച്ച വ്യക്തികൾ, ആശയങ്ങൾ, പ്രവണതകൾ എന്നിവയെക്കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക.
28. എൻമകജെ മുന്നോട്ടു വെയ്ക്കുന്ന പാരിസ്ഥിതിക ദർശനമെന്തെന്ന് വിശലനം ചെയ്യുക.

2B6M21618 (Pages : 1) 17 Reg. No:.............................

Name: ..................................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Degree Examination, March/April 2021**

**BMAL6E(3) – Cyber Malayalam**

(2018 Admission onwards)

Time: 3 hours Max. Marks: 80

**A: ഒറ്റവാക്കിൽ ഉത്തരമെഴുതുക (12×1=12**

1. 'സൈബർ സ്പേസ് ' എന്ന പദം ആദ്യമായി ഉപയോഗിച്ചതാര്?
2. 'ഭാവനാതീതം: മലയാളത്തിലെ സൈബർ കഥകൾ ' എന്ന സമാഹാരം എഡിറ്റ് ചെയ്തത് ആര്?
3. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം ആരംഭിച്ചത് ആര്?
4. ലോകത്തിന് മുമ്പിൽ ഐഫോൺ ആദ്യമായി അവതരിപ്പിച്ചത് ആര്?
5. ഇൻററർനെറ്റിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്നത് ആരെയാണ് ?
   (ഡി ബർണേഴ്സ് ലി, ബിൽ ഗേറ്റ്സ്, വിൻറൺ സെർഫ്)
6. 'ഇൻഫർമേഷൻ ടെക്നോളജി' എന്ന ഗ്രന്ഥം രചിച്ചതാര്?
   (ഡോക്ടർ ബി.ഇക്ബാൽ, അച്യുത് ശങ്കർ.എസ്.നായർ, ഡോക്ടർ ജെ.വി. വിളനിലം, ഇവയൊന്നുമല്ല)
7. ഫേസ് ബുക്ക് സ്ഥാപിതമായ വർഷം ഏത്?
   (2005,2007,2004, ഇവയൊന്നുമല്ല )
8. ഐ.ബി.എം (IBM പൂർണ്ണ രൂപം എന്ത്?(ഇൻറർനാഷണൽ ബിസിനസ് മെഷീൻ, ഇൻറർനെറ്റ് ബിസിനസ് മാനേജ്മെൻറ്, ഇന്റഗ്രേറ്റഡ് ബിസിനസ് മാനേജ്മെൻറ്, (ഇവയൊന്നുമല്ല)
9. അക്ഷരങ്ങളും ചിത്രങ്ങളും ശബ്ദവും ചലനവും സമന്വയിപ്പിക്കുന്ന കമ്പ്യൂട്ടർ സംവിധാനമാണ് ......?
10. ബ്ലോഗിനെ അധികരിച്ച് ഉണ്ടാകുന്ന പുസ്തകങ്ങളെ ..... എന്നാണ് വിളിക്കുന്നത് ?
11. മലയാളത്തിലെ ആദ്യത്തെ ഓൺലൈൻ പത്രം ഏതാണ്?
12. 'രചന' ഒരു ..... ആണ്?

**B: ലഘുവായി ഉത്തരമെഴുതുക (7×2=14)**

13. ഇ ലൈബ്രറി എന്നാൽ എന്ത്?
14. വിക്കിനിഘണ്ടു എന്നാൽ എന്ത് ?
15. പ്രതീതിയാഥാർത്ഥ്യം എന്തെന്ന് വിശദമാക്കുക?
16. ഇ_മെയിൽ എന്നാൽ എന്ത് ?
17. ലിപ്യന്തരണം എന്നാൽ എന്ത്?
18. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിംഗ് എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
19. വ്ളോഗ് (Vlog) എന്നാൽ എന്താണ്?
20. സ്പെൽ ചെക്കർ_വിശദമാക്കുക?'

**C: ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. [അഞ്ച് ചോദ്യങ്ങൾക്ക്] (5×6=30)**

21. ബെഞ്ചമിൻ ബെയിലിയുടെ മലയാളം അച്ചടി രംഗത്തുള്ള സംഭാവനകൾ എന്തെല്ലാം?
22. ഹോർത്തൂസ് മലബാറിക്കസിന്റ ചരിത്ര പ്രാധാന്യം വിവരിക്കുക?
23. ഉടമസ്ഥത സോഫ്റ്റ്‌വെയറും, സ്വതന്ത്ര സോഫ്റ്റ്‌വെയറും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
24. സിറ്റിസൺ ജേണലിസം_വിശദമാക്കുക?
25. യുണികോഡ് ഫോണ്ടുകൾ എന്തെന്ത് വിവരിക്കുക?
26. ടെക്സ്റ്റ് ടു സ്പീച്ച്,സ്പീച്ച് ടു ടെക്സ്റ്റ് _ വിശദമാക്കുക?
27. മലയാളത്തിലെ ഓൺ ലൈൻ പത്രങ്ങളെക്കുറിച്ച് വിവരിക്കുക?

**D: ഉപന്യസിക്കുക [മൂന്ന് ചോദ്യങ്ങൾക്ക്] (3× 8=24)**

28. മലയാളം കമ്പ്യൂട്ടിങ്ങിന്റെ ചരിത്രവും വർത്തമാനവും വിലയിരുത്തുക?
29. നവമാധ്യമങ്ങൾ മലയാളഭാഷയിൽ വരുത്തിയിട്ടുള്ള പുതു ഭാഷാ പ്രവണതകളെ കുറിച്ച് വിവരിക്കുക?
30. വിക്കിപീഡിയയെക്കുറിച്ചും വിക്കിപീഡിയയുടെ സഹോദര സംരംഭങ്ങളെക്കുറിച്ചും വിവരിക്കുക?
31. മലയാളത്തിലെ ഓൺലൈൻ പത്രങ്ങൾ കുറിച്ച് വിശദീകരിക്കുക ?